"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സാമൂഹിക സന്നദ്ധസേന – വാതിൽപ്പടിസേവന പദ്ധതി - മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1066/2021/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 31/05/2021

പരാമർശം:-

1. 01/01/2021-ലെ സ.ഉ(കൈ) നം 01/2020/പൊഭവ നം സർക്കാർ ഉത്തരവ്

2. ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28/01/2021-ൽ ചേർന്ന യോഗതീരുമാനങ്ങൾ

**ഉത്തരവ്**

കേരളത്തിൻ മുൻ വർഷങ്ങളിലുണ്ടായ പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ നാട്ടിലുണ്ടാകുന്ന ദുരന്ത കാലങ്ങളിലും പ്രതിസന്ധി ഘട്ടങ്ങളിലും സഹായത്തിനുണ്ടാകുന്ന തരത്തിൽ ഒരു സാമൂഹിക സന്നദ്ധസേനക്ക് പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം രൂപം നൽകിയിട്ടുണ്ട്.

പ്രായാധിക്യം, ഗുരുതര രോഗം, അതിദാരിദ്ര്യം തുടങ്ങി പലവിധ കാരണങ്ങളാൽ അവശത അനുഭവിക്കുന്നവരുടേയും അറിവില്ലായ്മയും മറ്റ് നിസ്സഹായാവസ്ഥകളും മൂലം സർക്കാർ സേവനങ്ങൾ യഥാസമയം കൃത്യമായി ലഭിക്കാതിരിക്കുന്ന ജനവിഭാഗങ്ങളുടെയും അടുത്തേക്ക് സേവനങ്ങൾ കൂടുതൽ സുഗമവും കാര്യക്ഷമവും സമയബന്ധിതവുമായി എത്തിച്ചേരേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് മറ്റ് സന്നദ്ധസേവനദാതാക്കളുടേയും സ്ഥാപനങ്ങളുടേയും പങ്കാളിത്തത്തോട്ട കൂടി കൂടുതൽ സേവനമേഖലകൾ ഉൾപ്പെടുത്തി സാമൂഹിക സന്നദ്ധസേനയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വിവിധ കാരണങ്ങളാൽ അവകാശപ്പെട്ട സേവനങ്ങൾ ലഭിക്കാതെപോകുന്ന ജനങ്ങൾക്ക് സന്നദ്ധസേനാംഗങ്ങളോ അനുബന്ധസേവനദാതാക്കളോ വീടുകളിൽ നേരിട്ടെത്തി സർക്കാരിന്റെ സാമൂഹികക്ഷേമ സേവനങ്ങൾ ലഭിക്കുന്നതിനാവശ്യമായ സഹായങ്ങൾ പ്രദാനം ചെയ്യുവാൻ ലക്ഷ്യമിട്ട് വാതിൽപ്പടിസേവന പദ്ധതിക്ക് രൂപം നൽകുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ സാമൂഹിക നീതി വകുപ്പിന്റെയും സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റിന്റെയും യോജിച്ച പ്രവർത്തനത്തിലൂടെ നടപ്പിലാക്കുന്ന വാതിൽപ്പടിസേവന പദ്ധതിയുടെ ആദ്യ ഘട്ടമെന്ന നിലയിൽ താഴെപ്പറയുന്ന 5 സേവനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

1 ) മസ്റ്ററിംഗ് 2 ) ലൈഫ് സർട്ടിഫിക്കറ്റ് 3 ) സാമൂഹിക സുരക്ഷാ പെൻഷൻ അപേക്ഷ 4 ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനുള്ള അപേക്ഷ 5) ജീവൻ രക്ഷാമരുന്നുകൾ

പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ , ഭാഗഭാക്കാവുന്നവർ, സേവനങ്ങൾ, ഘടന, ചുമതലകൾ, നടപടിക്രമങ്ങൾ, ധനകാര്യം, അവലോകന-മേൽനോട്ട സംവിധാനം തുടങ്ങിയവ വ്യവസ്ഥ ചെയ്യുന്ന വിശദമായ മാർഗ്ഗരേഖ (അനുബന്ധമായി ചേർത്തിരിക്കുന്നു) അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

യു വി ജോസ് ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്

സാമൂഹിക നീതി വകുപ്പ്

വിവരസങ്കേതിക വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ഗ്രാമവികസന കമ്മീഷണർ

ഡയറക്ടർ, സാമൂഹികസന്നദ്ധസേന

എക്സിക്യൂട്ടിവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഡയറക്ടർ , വിവര പൊതുജനസമ്പർക്ക വകുപ്പ്

വെബ് & ന്യൂമിഡിയ ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

എക്സിക്യൂട്ടിവ് ഡയറക്ടർ, ഐകെഎം

ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## വാതിൽപ്പടി സേവനം

പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യമായ സേവനങ്ങൾ വീട്ടിലെത്തിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ജനസംഖ്യയുടെ 13% വരുന്ന വയോജനങ്ങളും, വിവിധ രോഗങ്ങളാൽ അവശരായവർ, കിടപ്പ് രോഗികൾ (5 ലക്ഷം), പാരപ്ലീജിയ രോഗികൾ, മാരക രോഗങ്ങൾ ബാധിച്ചവർ (2.5 ലക്ഷം), 2.32% വരുന്ന ഭിന്നശേഷിക്കാർ തുടങ്ങിയ വിഭാഗങ്ങളിൽപ്പെടുന്ന അതി ദരിദ്രർക്കും, ഒറ്റപ്പെട്ടുപോയവർക്കുമാണ് സുരക്ഷിതമായ ജീവിതത്തിന് ആവശ്യമായ സേവനങ്ങൾ പലപ്പോഴും ലഭ്യമാകാതെ വരുന്നത് എന്ന് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. സേവനങ്ങൾ സംബന്ധിച്ച കൃത്യമായ അറിവില്ലായ്മ, സേവനങ്ങൾ നേടുന്നതിന് ബന്ധപ്പെട്ട ഓഫീസുകളിൽ എത്തിപ്പെടാൻ കഴിയാതെ വരിക തുടങ്ങിയ വ്യത്യസ്ത ഘടകങ്ങളാണ് ഇവർക്ക് അവകാശപ്പെട്ട സേവനങ്ങൾ നേടിയെടുക്കുന്നതിന് പലപ്പോഴും തടസ്സങ്ങളായി നില്ക്കുന്നത്. അതുകൊണ്ട് തന്നെ മസ്റ്ററിംങ്ങ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷ, സി.എം.ഡി.ആർ.എഫിലെ സഹായത്തിനുള്ള അപേക്ഷ, ജീവൻ രക്ഷാ മരുന്നുകൾ എന്നിവയാണ് ആദ്യഘട്ടമെന്ന നിലയിൽ വാതിൽ പടി സേവനമായി ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

ഈ സേവനങ്ങൾ മിക്കതും ഇന്ന് അക്ഷയ സേവന കേന്ദ്രങ്ങൾ വഴി ലഭ്യമാണ്. എന്നാൽ ശാരീരിക അവശതകളാൽ അക്ഷയകേന്ദ്രത്തിൽ എത്തിപ്പെടാൻ കഴിയാത്തതുകൊണ്ട് ഈ സേവനങ്ങൾ യഥാസമയം ലഭ്യമാകാതെ വരുന്നവരും ഉണ്ട്. ആയതിനാൽ പ്രസ്തുത സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള അടിയന്തിര ക്രമീകരണമാണ് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഉണ്ടാക്കേണ്ടത്.

പ്രളയം, കോവിഡ് 19 എന്നിവയെ നേരിടുന്ന ഘട്ടത്തിൽ സന്നദ്ധ സേവനം പ്രയോജനപ്പെടുത്തിയതിന്റെ അനുഭവം നമ്മുടെ മുന്നിലുണ്ട്. ഇന്ന് രൂപീകരിക്കപ്പെട്ടിട്ടുള്ള സന്നദ്ധസേനയ്ക്കൊപ്പം ഇത്തരം പ്രവർത്തനങ്ങളിൽ പങ്കാളിയാവാൻ സന്നദ്ധതയും അനുകമ്പയുമുള്ള മുഴുവൻ പേരേയും കൂട്ടിയോജിപ്പിച്ച് ഒരു ജനകീയ സംവിധാനം ഇതിനായി രൂപീകരിക്കണം. ഇത്തരത്തിൽ സേവനങ്ങൾ നൽകി കൊണ്ടിരിക്കുന്ന അക്ഷയ കേന്ദ്രത്തിലെ പ്രവർത്തകർ, ജനമൈത്രി പോലീസ് എന്നിവരും ഈ സംവിധാനത്തിന്റെ ഭാഗമാകണം.

ഇതോടൊപ്പം കുടുംബശ്രീ അയൽക്കൂട്ട ആരോഗ്യവോളണ്ടിയർ, എ.ഡി.എസ്. വോളണ്ടിയർമാർ, അംഗൻവാടി, ആശാ വർക്കർമാർ, വായനശാല പ്രവർത്തകർ, പാലിയേറ്റീവ് പ്രവർത്തകർ, മുതിർന്ന പൗരന്മാരുടെ സംഘടനകളുടെ ഭാരവാഹികൾ, തുടങ്ങിയ വിവിധ സംഘടനകളുടെ പ്രവർത്തകരേയും ഈ ജനകീയ സേവനപ്രദാന സംവിധാനത്തിലേയ്ക്ക് കൂട്ടി യോജിപ്പിക്കേണ്ടതാണ്. സർക്കാരിന്റെ സാമൂഹ്യക്ഷേമ സഹായങ്ങൾ അർഹതപ്പെട്ട മുഴുവൻ പേരിലേയ്ക്കും എത്തിക്കാൻ ഈ സംവിധാനത്തിന് കഴിയും. വാതിൽപ്പടി സേവനമായി നൽകേണ്ടവ സംബന്ധിച്ച് അടിയന്തിരമായി സ്വീകരിക്കേണ്ട നടപടി ക്രമങ്ങളാണ് ചുവടെ ചേർത്തിചരിക്കുന്നത്.

1. **സേവനങ്ങൾ**

i. **മസ്റ്ററിംഗ്–** പെൻഷൻ ലഭിക്കുന്നതിനുള്ള മസ്റ്ററിംങ്ങ് കിടപ്പുരോഗികൾക്കും മാരകരോഗം ബാധിച്ച

ചലനശേഷി പരിമിതപ്പെട്ട് പോയവർക്കും വീട്ടിൽ ചെന്ന് അപേക്ഷ പൂരിപ്പിച്ച് സമർപ്പി ക്കാനുള്ള സംവിധാനം ഒരുക്കണം. അക്ഷയ കേന്ദ്രങ്ങളിൽ അറിയിച്ചാൽ അവർ തന്നെ നേരിട്ട് രോഗികളുടെ വീട്ടിൽ പോയി മസ്റ്ററിംങ്ങ് നടത്തുന്നുണ്ട്. എന്നാൽ ഇതിന് അധിക ഫീസ് നല്കേണ്ടി വരും. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനം വഹിക്കുന്ന തരത്തിൽ ആസൂത്രണം ചെയ്യാവുന്നതാണ്. മസ്റ്ററിംങ്ങ് നടത്തുന്നതിനുള്ള ബയോമെടിക് സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വാങ്ങി സന്നദ്ധ പ്രവർത്തദകരെ ഉപയോഗിച്ച് രോഗികളുടെ വീട്ടിൽ ചെന്നും മസ്റ്ററിംങ്ങ് നടത്തുന്ന രീതി പരിഗണിക്കാവുന്നതാണ്. മറ്റൊരു മാർഗ്ഗം അവരുടെ ഒപ്പം പോകുവാൻ സന്നദ്ധത ഉള്ളവരെ കണ്ടെത്തി ബന്ധപ്പെട്ട ഓഫീസുകളിൽ എത്തിച്ച് മസ്റ്ററിംങ്ങ് നടത്തി തിരികെ വീട്ടിൽ എത്തിക്കുകയും ചെയ്യാം.

ii. **ലൈഫ് സർട്ടിഫിക്കറ്റ്–** ബയോമെടിക് സംവിധാനത്തിലൂടെ മസ്റ്ററിംങ്ങ് നടത്താൻ കഴിയാത്തവർക്ക് ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അടുത്തു കൊണ്ട് പോയോ ഉദ്യോഗസ്ഥനെ വീട്ടിൽ എത്തിച്ചോ ലൈഫ് സർട്ടിഫിക്കറ്റ് നൽകാൻ സന്നദ്ധ പ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്താം.

iii. **സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷ–** ഇതിനുള്ള അപേക്ഷ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നേരിട്ടോ, ഓൺലൈനായോ അക്ഷയ കേന്ദ്രങ്ങൾ മുഖേനയോ നൽകാവുന്നതാണ്. ഇക്കാര്യത്തിലും അക്ഷയ കേന്ദ്രങ്ങളെ വീട്ടിൽപോയി അപേക്ഷ വാങ്ങുന്നതിന് ചുമതലപ്പെടുത്തുകയോ സന്നദ്ധ പ്രവർത്തകർ ലാപ്ടോപ്പുമായി ഇവരുടെ വീട്ടിൽ ചെന്ന് അപേക്ഷ എടുക്കുകയോ ചെയ്യേണ്ടതാണ്.

iv. **മുഖ്യമന്ത്രിയുടെ ദുരിധാശ്വാസ നിധി–** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം–അക്ഷയകേന്ദ്രങ്ങൾ വഴിയോ സന്നദ്ധ പ്രവർത്തകരെ ഉപയോഗിച്ചോ രോഗികളുടെ വീട്ടിൽ ചെന്ന് അപേക്ഷ ഓണലൈനിൽ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

v. **ജീവൻരക്ഷാ മരുന്നുകൾ–** ജീവിതശൈലി രോഗം, പാലിയേറ്റീവ് രോഗികൾ എന്നിവർക്ക് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലെ എൻ.സി.ഡി. ക്ലിനിക്ക്, പാലിയേറ്റീവ് ക്ലിനിക്ക് എന്നിവയിലൂടെ മരുന്ന് ലഭ്യമാകുന്നുണ്ട്. എന്നാൽ മറ്റ് രോഗങ്ങൾക്ക് മരുന്ന് ലഭ്യമാകാത്ത സാഹചര്യമുണ്ടെങ്കിൽ രോഗ ചികിത്സയുടെ ഭാഗമായി ഡോക്ടർ നിശ്ചയിച്ച് നൽകുന്ന മരുന്ന് വാങ്ങാൻ ശേഷി ഇല്ലാത്തവർക്ക് മരുന്ന് വാങ്ങുന്നതിനുള്ള തുക കണ്ടെത്തി വാങ്ങി വീട്ടിൽ എത്തിക്കുന്നതിനും, ആരോഗ്യകേന്ദ്രത്തിൽ നിന്നും നൽകുന്ന എൻ.സി.ഡി മരുന്നുകൾ ആവശ്യഘട്ടങ്ങളിൽ വീട്ടിൽ എത്തിക്കാനും ക്രമീകരണം ഉണ്ടാക്കേണ്ടതാണ്. മരുന്ന് വാങ്ങുന്നതിന് സാമ്പത്തികമായി കഴിവ് ഉള്ളവര്ക്ക് മെഡിക്കൽ ഷോപ്പിൽ നിന്ന് വാങ്ങി നൽകിയാൽ മതിയാകും. ഇവിടെയും സന്നദ്ധപ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

## 2. <u>സേവനാവകാശികളെ കണ്ടെത്തുക</u>

തദ്ദേശ ഭരണസ്ഥാപന തലത്തിൽ നിലവിലുള്ള വിവരങ്ങൾ പരിശോധിക്കണം. അഗതിരഹിത കേരളത്തിന്റെ ഗുണഭോക്താക്കൾ, സാമൂഹ്യ സുരക്ഷ പെൻഷൻ ലഭിക്കുന്നവർ, ബഡ്സ് സ്കൂളിൽ വരുന്ന കുട്ടികളുടെ കുടുംബങ്ങൾ, മറ്റേതെങ്കിലും സർവ്വേ/പഠനത്തിലൂടെ കണ്ടെത്തിയിട്ടുള്ളവർ, വയോമിത്രം ഡാറ്റാബേസ്, തുടങ്ങിയവ ക്രോഡീകരിച്ചു തദ്ദേശ ഭരണ സ്ഥാപന തലത്തിൽ സൂക്ഷിക്കേണ്ടതാണ്. കൂടാതെ അയൽക്കൂട്ടങ്ങൾ, ഗ്രാമസഭകൾ, ജനപ്രതിനിധികൾ തുടങ്ങിയവരിലൂടെ

സേവനലഭ്യതയ്ക്ക് അർഹരായവരെ കണ്ടെത്തണം. സന്നദ്ധ സംഘടനകൾ, വ്യക്തികൾ തുടങ്ങിയവർക്കും സേവനം ആവശ്യമുള്ളവരുടെ വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാനും നടപടിക്രമങ്ങൾ പാലിച്ച് കാലതാമസം കൂടാതെ സേവനം നൽകേണ്ടവരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്യാം. ഇത് ഒരു 'dynamic' ഡേറ്റാബേസായിരിക്കും.

## 3. <u>സേവനപ്രദാന സംവിധാനം</u>

തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ഈ പ്രവർത്തനന ങ്ങളുടെ ഏകോപനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി, പി.എച്ച്.സി/ സി.എച്ച്.സി/താലൂക്ക് ആശുപത്രിയിലെ ഹെൽത്ത് ഇൻസ്പെക്ടർ/ ഹെൽത്ത് സൂപ്പർവൈസർ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ., വി.ഇ.ഒ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, വയോമിത്രം പദ്ധതിയുടെ കോ-ഓർഡിനേറ്റർ, അക്ഷയ കേന്ദ്രങ്ങളുടെ പ്രതിനിധി, സ്പെഷ്യൽ അയൽക്കൂട്ട പ്രതിനിധി, സി.ഡി.എസ് പ്രതിനിധി, പാലിയേറ്റീവ് കമ്മിറ്റി പ്രതിനിധി, വയോജന/പെൻഷൻ സംഘടന പ്രതിനിധികൾ, പ്രദേശത്തെ പ്രമുഖ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ഈ രംഗത്തെ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിയുന്ന വ്യക്തികൾ ഉൾപ്പെടെ പരമാവധി ഗ്രാമപഞ്ചായത്തിൽ 15ഉം മുനിസിപ്പാലിറ്റിയിൽ 17-ഉം കോർപ്പറേഷനിൽ 25-ഉം പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണം.

## 4. <u>ഔദ്യോഗിക ചുമതല</u>

ഈ പ്രവർത്തനങ്ങൾ ജനകീയമായി നടപ്പിലാക്കാൻ കഴിയുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ഒരു ഉദ്യോഗസ്ഥനെ ഇതിന്റെ കോ-ഓർഡിനേറ്ററായി ചുമതലപ്പെടുത്താവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങളെ ആർദ്രതയോടെ കാണാൻ കഴിയുന്ന ഒരു സന്നദ്ധ പ്രവർത്തകനെ ജനറൽ കൺവീനറായി ചുമതലപ്പെടുത്തണം. അക്ഷയ കേന്ദ്ര പ്രതിനിധി ജോയിന്റ് കൺവീനർ ആയിരിക്കും.

## 5. <u>കമ്മിറ്റിയുടെ ചുമതലകൾ</u>

i. അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരം നേടുക. (കമ്മിറ്റിയുടെ ലിസ്റ്റിന് അന്തിമ അംഗീകാരം ഗ്രാമ/വാർഡ് സഭകളിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. അംഗീകാരത്തിന് ശേഷവും കണ്ടെത്തുന്ന അർഹരായ ആവശ്യക്കാർക്ക് സേവനങ്ങൾ കമ്മിറ്റി തീരുമാന പ്രകാരം എത്തിക്കാവുന്നതാണ്. ഇതിനു തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അംഗീകാരം പിന്നീട് വാങ്ങിക്കണം. സേവനങ്ങൾ ലഭ്യമായ വ്യക്തികളുടെ വിവരങ്ങൾ അടുത്ത ഗ്രാമ/വാർഡ് സഭയിൽ അറിവിനായി വയ്ക്കുകയും വേണം.)

ii. വോളണ്ടിയേഴ്സിനെ കണ്ടെത്തൽ - വോളന്റിയേഴ്സ് ആയി കമ്പ്യൂട്ടർ നൈപുണ്യവും ഒപ്പം സേവന സന്നദ്ധതയും ഉള്ള യുവതീയുവാക്കളെ കണ്ടെത്തുക. സാമൂഹിക സന്നദ്ധ സേന ഡയറക്ടറിൽ നിന്നും കിട്ടുന്ന ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിലേയും സാമൂഹിക സന്നദ്ധ സേന വോളണ്ടിയർ ലിസ്റ്റിലുള്ളവരെ ഈ പരിപാടിയുടെ ഭാഗമാക്കേണ്ടതാണ്. സമാന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള താല്പര്യമുള്ള അക്ഷയ കേന്ദ്ര പ്രവർത്തകരെയും ജന മൈത്രി പോലീസിനെയും ഈ ഉദ്യമത്തിന്റെ ഭാഗമാക്കേണ്ടതാണ്.

iii. തെരഞ്ഞെടുക്കപ്പെട്ട വോളന്റിയേഴ്സിന് ഇടപെടേണ്ട രീതിയും സേവനങ്ങളും സംബന്ധിച്ച് പരിശീലനം സാമൂഹിക സന്നദ്ധ സേന ഡയറക്ടറുടെ സഹായത്തോടെ ഉറപ്പുവരുത്തുക.

iv. വ്യക്തി വിവരങ്ങളും സാമ്പത്തിക സഹായം സംബന്ധിച്ചുള്ള സേവനങ്ങളും സുരക്ഷയും ഉൾപ്പെട്ടിരിക്കുന്നതിനാൽ നിയോഗിക്കപ്പെടുന്ന വോളന്റിയേഴ്സ് ഉത്തരവാദിത്തവും, സത്യസന്ധതയും ഉള്ളവരാണെന്ന് ഉറപ്പാക്കുന്നതിന് പോലീസ് വെരിഫിക്കേഷൻ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിച്ചിരിക്കേണ്ടതാണ്.

v. വാതിൽപ്പടി സേവനത്തിന് അർഹതപ്പെട്ടവർക്ക് മസ്റ്ററിംഗ്, മറ്റ് ധനസഹായ അപേക്ഷകൾ, അപേക്ഷകന്റെ സൗകര്യാർത്ഥം ലഭ്യമാക്കാൻ നിലവിലുള്ള അക്ഷയ കേന്ദ്രങ്ങൾക്ക് സാധ്യമാകാതെ വന്നാൽ അനുയോജ്യരായ വോളന്റിയയറെ ഇതിലേക്ക് നിയോഗിക്കുക. ഓരോ വോളണ്ടിയർ നൽകുന്ന സേവനങ്ങൾ ഏതെല്ലാമാണെന്നും അത് ആർക്കെല്ലാമാണ് ലഭ്യമാക്കിയതെന്നും കൃത്യമായി റിപ്പോർട്ട് ചെയ്യപ്പെടണം. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും സേവനങ്ങൾക്കുള്ള reimbursement നൽകുക. ഇന്ന് ഓരോ സേവനത്തിനും അക്ഷയ കേന്ദ്രം ഈടാക്കുന്ന നിരക്കിന്റെ അടിസ്ഥാനത്തിലാകണം ഈ തുകകൾ നിശ്ചയിക്കുക. ഇന്ധന/ യാത്ര ചിലവ്, വാഹനം ഏർപ്പാടാക്കേണ്ടി വന്നാലുള്ള ചെലവ് എന്നിവ കൂടി തിട്ടപ്പെടുത്തേണ്ടതാണ്. നിരക്കുകൾക്കു തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അംഗീകാരം വാങ്ങണം.

vi. വാതിൽപ്പടി സേവനത്തിനാവശ്യമായ ലാപ്ടോപ്പ്, ബയോമെട്രിക് ഉപകരണങ്ങൾ തുടങ്ങിയവ ലഭ്യമാക്കേണ്ടതാണ്.

vii. അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഓൺലൈൻ സേവനങ്ങൾ അക്ഷയകേന്ദ്രം മുഖേന നൽകുമ്പോൾ അതിന് നിയോഗിച്ചിട്ടുള്ള ഫീസ് നല്കി സേവനം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ഉണ്ടാകേണ്ടതാണ്. സന്നദ്ധസേനയ്ക്കു പുറമെ വോളന്റീർമാരായി കണ്ടെത്തുന്നവരെ സന്നദ്ധസേന പോർട്ടലിൽ രജിസ്റ്റർ ചെയ്യിപ്പിക്കുകയും ഈ ക്രമീകരണം അവർക്കും ലഭ്യമാണെന്ന് ഉറപ്പ വരുത്തുകയും വേണം.

viii. ചുമതലാ വിഭജനം- പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനതല സന്നദ്ധസേവന സംഘ അംഗങ്ങൾക്ക് വാർഡ് തിരിച്ച് ചുമതല നൽകാവുന്നതാണ്. ചുമതലാ നിർവഹണത്തിന്റെ മേൽനോട്ടത്തിന് കമ്മിറ്റി അംഗങ്ങൾക്ക് ചുമതല നൽകേണ്ടതാണ്.

ix. സേവനങ്ങളുടെ റിവ്യൂ- നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി തന്നെ ലഭ്യമാകുന്നുണ്ടെന്ന് പ്രതിമാസ റിവ്യൂവിലൂടെ ഉറപ്പ വരുത്തേണ്ടതാണ്. സർക്കാരിലേയ്ക്ക് നൽകുന്ന അപേക്ഷയിന്മേലുള്ള നടപടികളുടെ പുരോഗതിയും ഉറപ്പാക്കേണ്ടതാണ്.

## 6. <u>ധനകാര്യം</u>

i. ഈ കമ്മിറ്റിക്കായി തദ്ദേശസ്വയംഭരണ സ്ഥാപന പ്രസിഡന്റ്/ ചെയർ പേഴ്സൺ/ മേയറുടേയും, കമ്മിറ്റി കോ-ഓർഡിനേറ്ററുടേയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് ബാങ്കിൽ തുറക്കണം.
ii. ഇതിലേക്ക് അധിക ധനസമാഹരണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തോടുകൂടി രസീത് അച്ചടിക്കേണ്ടതാണ്.
iii. ജീവൻരക്ഷാ മരുന്നുകളുടെ ശേഖരണം-വ്യക്തികൾ, സംഘടനകൾ എന്നിവരുടെ സഹായത്തോടെ സമാഹരിക്കാവുന്നതാണ്.
iv. തദ്ദേശസ്വയംഭരണ സ്ഥാപനം പ്രത്യേക പ്രോജക്റ്റ് വച്ച് വേണം പദ്ധതി നടപ്പാക്കേണ്ടത്. ഇതിനാവശ്യമായ ലാപ്ടോപ്പ്, ബയോമെട്രിക് ഉപകരണങ്ങൾ, യാത്ര/ഇന്ധനം, മെഡിസിൻ എന്നിവയ്ക്കായി ഗ്രാമ പഞ്ചായത്തുകളിൽ ഒരു ലക്ഷം രൂപാ വീതവും മുനിസിപാലിറ്റികളിൽ രണ്ട് ലക്ഷം രൂപ വീതവും, കോർപ്പറേഷനുകളിൽ അഞ്ച് ലക്ഷം രൂപ വീതവും വകയിരുത്താം. ഇതിനുപുറമേ സി.എസ്.ആർ, സംഭാവന, സ്പോൺസർഷിപ്പ് തുടങ്ങിയവയിലൂടെ ലഭിക്കുന്ന തുക കൂടി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

## 7. <u>പ്രവർത്തന റിവ്യൂ</u>

തദ്ദേശ സ്വയംഭരണസ്ഥാപനതല പ്രവർത്തന റിവ്യൂ- തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കമ്മിറ്റിയിൽ ഈ പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടേണ്ടതാണ്.
i. പെൻഷനും മറ്റ് സാമ്പത്തിക ആവശ്യങ്ങൾക്കുമായി നല്കുന്ന അപേക്ഷകളുടെ നടപടി പുരോഗതി
ii. അധിക വിഭവ സമാഹരണത്തിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കൽ
വാതിൽപ്പടി സേവനവുമായി ബന്ധപ്പെട്ടുവരുന്ന വരവ്- ചെലവുകളുടെ പരിശോധന
സേവനം ലഭിക്കേണ്ടുന്ന മുഴവൻ പേർക്കും സേവനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ.
iii. അർഹതപ്പെട്ടവർക്ക് തന്നെയാണ് സേവനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ. ഇതിനായി അർഹതപെട്ടവരുടെ ലിസ്റ്റ് സമയബന്ധിതമായി പുതുക്കി മരണപ്പെട്ടവരേയും മറ്റും ഒഴിവാക്കി പുതിയതായി കണ്ടെത്തുന്നവരെ ഉൾപ്പെടുത്തുന്നതിന് സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്.
iv. തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തിന്റെ എല്ലാ ഭാഗത്തും ഇത് സംബന്ധിച്ച വിവരങ്ങൾ എത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കൽ തുടങ്ങിയവയാണ് പ്രധാനമായും റിവ്യൂചെയ്യപ്പെടേണ്ടത്.

## 8. <u>രണ്ടാംഘട്ട പ്രവർത്തനങ്ങൾ</u>

1. സന്നദ്ധപ്രവർത്തകരുടെ ശക്തമായ ഒരു സംവിധാനം ഉണ്ടായികഴിഞ്ഞാൽ രണ്ടാംഘട്ടമായി ആരോഗ്യ സാന്ത്വന സേവനങ്ങളും ഭക്ഷ്യ സുരക്ഷയും ഉറപ്പാക്കേണ്ടതാണ്. പാലിയേറ്റീവ്, വയോജന സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിന് വിപുലപ്പെടുത്തുന്നതിനും സന്നദ്ധ പ്രവർത്തകരെ പ്രയോജനപ്പെടുത്താവുന്നതാണ്. നിലവിലുള്ള കുറവുകൾ പരിഹരിച്ച് മുന്നോട്ട് കൊണ്ടു പോകുന്നതിനും കൂടുതൽ ജനകീയമാക്കുന്നതിനും ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ കൂടി ആവിഷ്കരിക്കേണ്ടതാണ്.
   i. ആരോഗ്യസേവനങ്ങൾ- കിടപ്പരോഗികൾക്ക് ആരോഗ്യ പരിപാലനം യഥാസമയം

ലഭ്യമാക്കുന്നതിന് ഒപ്പമുള്ള കുടുംബാംഗത്തിന് ഒറ്റയ്ക്ക് ചെയ്തുകൊടുക്കാൻ കഴിയാതെ വരുമ്പോൾ പ്രത്യേക ആൾ സഹായം നൽകേണ്ടി വരാം. ഇവരെ ദിവസവും സന്ദർശിച്ച് ദിനചര്യ നിർവഹിക്കുന്നതിനും മറ്റും ആവശ്യമായ സഹായം നൽകണം. ഇത്തരത്തിലുള്ള സഹായം ദിനംപ്രതി ചെയ്യേണ്ടിവരുമ്പോൾ സഹായം നൽകുന്നവർക്ക് ദിനബത്ത അനുവദിക്കേണ്ടതാണ്. പാലിയേറ്റീവ് പ്രവർത്തകരിൽനിന്നും ലഭിക്കുന്ന സഹായത്തിനുപരിയായിട്ടാണ് ഇത് കാണേണ്ടത്.

ii) സാന്ത്വന സാന്നിദ്ധ്യം– വീടുകളിൽ ഒറ്റപ്പെട്ടു കഴിയുന്നവരെ സന്ദർശിച്ച് അവരോടൊപ്പം കുറച്ച് നേരം ചിലവഴിക്കുന്നത് അവർക്ക് മാനസിക ഉല്ലാസം നൽകുന്നതിന് സഹായിക്കും. ഇതിനായി പ്ലസ്ടു, ഡിഗ്രി ക്ലാസ്സുകളിലെ എൻ.എസ്.എസ് വോളണ്ടിയേഴ്സിനെ പ്രയോജനപ്പെടുത്താം.

iii) കൂട്ടിരുപ്പ്/ആശുപത്രിയിൽ കൂടെപോകാൻ ഒറ്റപ്പെട്ടവർക്കും കൂടെ പോകാൻ യോജിച്ച ആളുകൾ വീട്ടിൽ ഇല്ലാത്തവരും ആശുപത്രിയിലേക്ക് കൂടെ പോകുന്നതിനും, അതുപോലെ വീട്ടുകാർക്ക് അത്യാവശ്യമായി എവിടെയെങ്കിലും പോകുന്ന സമയത്ത് ഇവർക്ക് ആശുപത്രിയിലും വീട്ടിലും കൂട്ടിരിക്കുന്നതിനും സന്നദ്ധരായവരെ കണ്ടെത്തി കൂട്ടി വിടാവുന്നതാണ്. ഇവർക്ക് യാത്രചിലവും ദിനബത്തയും അനുവദിക്കേണ്ടതാണ്.

iv) ഭക്ഷ്യസുരക്ഷ– നിലവിൽ ഉള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് പരിശോധിക്കുകയും എല്ലാവർക്കും ഭക്ഷണം ഉറപ്പാക്കുകയും വേണം. ആവശ്യമെങ്കിൽ ജനകീയ ഹോട്ടലുമായി ബന്ധപ്പെടുത്തണം.

v) ആശ്രയ, ഭിന്നശേഷി, കിടപ്പ് രോഗികൾ, പാര പ്ലീജിയ രോഗികൾ, വയോജനം തുടങ്ങി എല്ലാ വിഭാഗത്തിൽപ്പെട്ട ഓരോ വ്യക്തികളുടെയും ആവശ്യം ഉൾക്കൊണ്ട് പ്രത്യേകമായിതന്നെ സേവനം ലഭ്യമാക്കണം.

## 9. <u>മോണിറ്ററിംങ്ങ്</u>

സേവനങ്ങൾ ഉറപ്പുവരുത്തുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട പ്രവർത്തനമാണ്. ഓരോ ഗുണഭോക്താവിനും നിശ്ചയിക്കപ്പെട്ടിട്ടുള്ള സേവനങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിന് ഒരു ഐഡന്റിറ്റി കം മോണിറ്ററിങ്ങ് കാർഡ് തയ്യാറാക്കി ഗുണഭോക്താവിന് തന്നെ നൽകണം. സേവനങ്ങൾ എന്തൊക്കെയാണ് നൽകേണ്ടതെന്ന് പ്രത്യേകമായി രേഖപ്പെടുത്തുകയും സേവനങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം. സന്നദ്ധസേവകരുടെ സന്ദർശനങ്ങളും ഇതിൽ രേഖപ്പെടുത്തേണ്ടതാണ്.

പല തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ഇപ്പോൾ തന്നെ ഇത്തരത്തിലുള്ള സേവനങ്ങൾ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. അവിടെ നിലവിലുള്ള ക്രമീകരണങ്ങൾ തുടരാവുന്നതാണ്. ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള ഏതെല്ലാം വ്യവസ്ഥകളാണോ ഉപോൽബലകമായി ഉൾപ്പെടുത്താനാകുക എന്നത് തദ്ദേശ ഭരണ സ്ഥാപന തലത്തിൽ തീരുമാനിക്കാവുന്നതാണ്.

വാതിൽപ്പടി സേവനങ്ങളെ സംബന്ധിച്ചുള്ള നടപടികൾ ഉടൻ തന്നെ ആരംഭിക്കേണ്ടതാണ്. തദ്ദേശ ഭരണസ്ഥാപനതല കമ്മിറ്റി രൂപീകരണം പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും മോണിറ്റർ ചെയ്യേണ്ടതും ഇത് സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിന് സമർപ്പിക്കേണ്ടതുമാണ്.